(ബി) എത്ര തൊഴിലാളികളാണ് ഇവിടെ ജോലിനോക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) 1982 മുതൽ എസ്റ്റേറ്റിൽ ജോലി ചെയ്തുവരുന്ന ഭൂരിപക്ഷം ആദിവാസികളടങ്ങുന്ന തൊഴിലാളികളെ (സ്ഥിരം/കാഷ്വൽ) പുനരധിവസിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 250 ഏക്കർ സ്ഥലമാണ് ശബരിമല വികസനത്തിനായി വിട്ടുകൊടുക്കാൻ തീരുമാനമായിരിക്കുന്നത്.

(ബി) 52 സ്ഥിരം ജീവനക്കാരും 17 കാഷ്വൽ തൊഴിലാളികളുമാണ് ഇവിടെ ജോലി നോക്കുന്നത്.

(സി) നിലക്കൽ എസ്റ്റേറ്റിലെ ജീവനക്കാരെ ദേവസ്വം ബോർഡ് ഏറ്റെടുക്കുവാൻ 25-1-2005-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ എടുത്തുവരുന്നതേയുള്ളൂ.

കൃഷി യോഗ്യമാക്കാൻ നടപടി

106 [2004] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി ജലസേചന പദ്ധതി പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നതുമൂലം 4500 ഏക്കർ കൈപ്പാട് കൃഷിനിലം കൃഷിയോഗ്യമല്ലാതായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതു കൃഷിയോഗ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാട്ടാമ്പള്ളി ജലസേചന പദ്ധതി പ്രദേശത്ത് കൈപ്പാട് നിലം കൃഷിയോഗ്യമാക്കുന്നതിന് 2000-01 വർഷം മുതൽ കൃഷി വകുപ്പ് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കാട്ടാമ്പള്ളി പ്രദേശത്തെ നെൽകൃഷി പ്രശ്നങ്ങളുടെ പരിഹാരത്തിനായി കാട്ടാമ്പള്ളി വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിനായി നാളിതുവരെ 45 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിൽ 34 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്തെ 9 പഞ്ചായത്തുകളിലായി 1718.5 ഏക്കർ സ്ഥലം നെൽകൃഷിക്ക് അനുയോജ്യമാക്കുവാനായി യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം എന്നിവ കൃഷിഭവൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ മറ്റ് ഉൽപ്പാദനോപാധികളും പദ്ധതി പ്രദേശത്ത് വിതരണം ചെയ്തിട്ടുണ്ട്.

ചോദ്യം നമ്പർ (2003)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly